(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2106/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 09.12.2016

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആര്യനാട് ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1, 2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2106/16 തീയതി: 09.12.2016

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.07.2016 മുതൽ 15.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറി പ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളു ടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തി ന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ) ഓഡിറ്റിന് വിനിയോഗിച്ച സമയം : 15.11.2016മുതൽ 21.11.2016വരെ

ഓഡിറ്റ് നടത്തിയ : ശ്രീ.മുഹമ്മദ് സലിം, ഓഡിറ്റ് ഓഫീസർ

ഉദ്യോഗസ്ഥർ ശ്രീ.കെ.മധു., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുരേഷ് ബാബു., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അജികുമാർ.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.ഇ.രാധാകൃഷ്ണൻ 01.11.2010 മുതൽ 31.10.2015 വരെ

ശ്രീമതി.എസ്.ഷാമിലാബീഗം 19.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ.ബോൺസ്‌ലെ 01.04.2015 മുതൽ 23.07.2015 വരെ

ശ്രീ.ഹിൽക്ക് രാജ്.ആർ.എ. 24.07.2015 മുതൽ 31.03.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ബിനോദ്.ജെ. | 01-04-2015 മുതൽ 31.03.16 വരെ |
| വി.ഇ.ഒ. | അനിൽകുമാർ | 01-04-2015 മുതൽ 31.03.16 വരെ |
| എൽ.വി.ഇ.ഒ. | കോമള കുമാരി | 01-04-2015 മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ | സുജ | 01-04-2015 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.ഹരികൃഷ്ണകുമാർ.ജി.പി. | 01-04-2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പ്രകാശ് | 01-04-2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഗോപകുമാർ.ജി.ഒ. | 01-04-2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജയകുമാരി | 01-04-2015 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീലേഖ | 01-04-2015 മുതൽ 31.03.16 വരെ |
| അസി.സെക്രട്ടറി | അജയകുമാർ.പി.ജി | 01-04-2015 മുതൽ |
| | സതീഷ് രാജ് | 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീലത.എസ്. | 01-04-2015 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രമാദേവി.ജി | 01-04-2015 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-1 | |
| 13 | പരസ്യ നികുതി | 2-2 | |
| 14 | തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല – നഷ്ടം 7600/-രൂപ | 2-3 | |
| 15 | ലേലം | 2-4 | |
| 16 | ട്യൂട്ടോറിയൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു. | 2-5 | |
| | ഭാഗം - 3 | | |
| 17 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – 273500/-രൂപ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 18 | പ്രീ പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയ ബില്ലുകൾ ഹാജരാക്കിയില്ല – 329125/-രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 19 | സമഗ്ര കന്നുകുട്ടി പരിപാലനം (SLBP) പദ്ധതി ലക്ഷ്യം ഉറപ്പുവരുത്തണം | 3-3 | |
| 20 | DSR പ്രകാരം ഉപയോഗിക്കേണ്ട അളവിലും കുറഞ്ഞ തോതിൽ സിമന്റ് ഉപയോഗിച്ചു. നഷ്ടം 35377/-രൂപ | 3-4 | |
| 21 | സിമന്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-5 | |
| 22 | കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. നഷ്ടം 6123/-രൂപ | 3-6 | |

| | | | |
|---|---|---|---|
| 23 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 3-7 | |
| 24 | നിർമ്മാണം പൂർത്തിയാക്കാതെ ഉദ്ഘാടനം ചെയ്യപ്പെട്ട രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രം കാടുകയറി ഉപയോഗ ശൂന്യമായി കിടക്കുന്നു. | 3-8 | |
| 25 | പുറ്റത്തിപ്പാറ ലൈബ്രറി പുനരുദ്ധാരണം - അപാകതകൾ - നഷ്ടം 1926/-രൂപ. | 3-9 | |
| 26 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - നിരാകരണം 2947/-രൂപ | 3-10 | |
| 27 | കൊക്കോട്ടേല - കണിയംവിളാകം റോഡ് റീ-ടാറിംഗ് അപാകതകൾ - നഷ്ടം - 4168/-രൂപ | 3-11 | |
| 28 | നിർവ്വഹിക്കാത്ത പദ്ധതികൾക്ക് തുക നൽകി - നഷ്ടം 35598/-രൂപ | 3-12 | |
| | ഭാഗം - 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 27.02.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2016-16 | 15.11.2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് :32186242

വരവ് :46845887

ആകെ :790032129

ചെലവ് :64979248

നീക്കിയിരിപ്പ് :14052881

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2811239 | 6097010 | 7799927 | 16708179 | 16708179 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2446161 | 2966030 | 32034 | 5380157 | 5380157 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1040680 | 1276033 | 878680 | 1438033 | 1438033 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1184914 | 7689962 | - | 8874816 | 8874816 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1803972 | 3050936 | - | 4854908 | 4854908 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1647636 | 7462879 | 1714170 | 7396345 | 7396345 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5296085 | 0 | 5175043 | 121042 | 121042 | 100 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 480989 | 33974198 | - | 34455187 | 34453946 | 100 |
| ബി-ഫണ്ട് | - | | - | 30896316 | 30896316 | 100 |
| ജനറൽ പർപ്പസ് | 1526611 | 8391752 | - | 19918363 | 8303299 | 100 |
| മറ്റ് വരവുകൾ | 3947955 | 24062889 | - | 28010838 | 25574262 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാ ക്കാത്തവ | പൂർത്തീക രിച്ച പ്രോജ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | യത് (എണ്ണം) | (എണ്ണം) | കുകളുടെ ശതമാനം |
| 257 | - | 175 | - | 27 | 65 | 68.09 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| കെട്ടിട നികുതി | 1681250 | 1691425 | - 10175 | |
| തൊഴിൽ നികുതി | 2515334 | 1266842 | - 1248492 | |
| വിനോദ നികുതി | - | 2000 | + 2000 | |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 896698 | 941255 | + 44557 | |
| ഷോപ്പിംഗ് കോംപ്ലക്സ് | 18750 | 29000 | + 10250 | |
| ഡി&ഒ ലൈസൻസ് | 43350 | 39500 | - 3850 | |
| മറ്റ് വരവുകൾ | 4313750 | 291097 | - 4022653 | |
| ആകെ | 9469132 | 4261119 | - 5208013 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 802680 | 468 |
| കർഷക തൊഴിലാളി പെൻഷൻ | 4477680 | 659 |
| വിധവാപെൻഷൻ | 13326440 | 1622 |
| വാർദ്ധക്യകാല പെൻഷൻ | 8396760 | 1781 |
| വികലാംഗ പെൻഷൻ | 3080160 | 363 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 140000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 538720 | 70 |

## 1-10 ആഭ്യന്തരനിയന്ത്രണം.

പ്രോജക്ട് രജിസ്റ്റർ, ബിൽ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾഅപൂർണ്ണമായിട്ടാണ് സൂക്ഷിച്ചിരിക്കുന്നത്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ബിൽ രജിസ്റ്റർ ഭാഗികമായിട്ടാണ് എഴുതിയിട്ടുള്ളത്. പ്രോജക്ട് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ടെണ്ടർ രജിസ്റ്ററും അനുബന്ധ രജിസ്റ്ററുകളും 2015-16 വർഷം എഴുതി തയ്യാറാക്കിയിട്ടില്ല. 2008-ന് ശേഷം ടെണ്ടർ രജിസ്റ്റർ എഴുതിയിട്ടില്ലായെന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്. രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) 2015-16 വർഷത്തെ ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. കൂടാതെ ഡി & ഒ. ലൈസൻസ് നൽകുന്നതിൽ അപാകത നിലനിൽക്കുന്നു. ട്രേഡേഴ്സ് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.11.2016 – 03.11.2016 | 01.09.16 – 30.10.16 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.09.2016 –17.10.2016 | 01.04.2009<br>31.03.2014 | 23.05.15 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം-3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലെ കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യപാര സ്ഥാപനങ്ങളെ കണ്ടെത്തുക പ്രയാസമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപന ങ്ങളുടെയും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട്കൂടി സൂക്ഷിക്കേണ്ടതാണ്.

## 2-2 പരസ്യനികുതി

1998-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം പഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള ഏതൊരു പരസ്യത്തിനും പരസ്യ നികുതി ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 27-ന് പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈല തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അംഗീകാരം ലഭ്യമാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല – നഷ്ടം 7600/-രൂപ

2015-16 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

*a) തൊഴിൽ നികുതി*

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | തുക |
|---|---|---|---|
| 1 | മുത്തൂറ്റ് ഫിനാൻസ്, ആര്യനാട് | II | 1350/- |

*b) സ്ഥാപന നികുതി*

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | തുക |
|---|---|---|---|
| 1 | ആര്യനാട് സർവ്വീസ് സഹകരണ സംഘം | I | 1250/- |
| 2 | കെ.എസ്.ഇ.ബി. ആര്യനാട് | II | 1250/- |
| 3 | മുത്തൂറ്റ് ഫിനാൻസ്, ആര്യനാട് | II | 1250/- |
| 4 | മുത്തൂറ്റ് മിനി ഫിനാൻസ് | II | 1250/- |
| 5 | കേരള ജല അതോറിറ്റി ആര്യനാട് | II | 1250/- |
| | ആകെ | | 6250 |

മേൽ ഇനങ്ങളിലായി പഞ്ചായത്തിന് ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇല്ലായെങ്കിൽ സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ബാധ്യതയാകുന്നതാണ്.

## 2-4 ലേലം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ മേലാദായം എടുക്കുന്നതിനുള്ള അവകാശം 05.03.2016-ൽ പരസ്യമായി ലേലം ചെയ്ത് നൽകാൻ തീരുമാനിച്ചിരുന്നു. ആകെ 16 ഇനം വസ്തുവകകൾ ലേലം ചെയ്യാൻ നിശ്ചയിച്ചിരുന്നെങ്കിലും താഴെ പറയുന്ന വസ്തുവകകൾ ആരും തന്നെ ലേലം കൊള്ളാൻ തയ്യാറായില്ല.

1. ആര്യനാട് പബ്ലിക് മാർക്കറ്റ് കോമ്പൗണ്ടിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം.
2. പുറുത്തിപ്പാറ കമ്മ്യൂണിറ്റി ഹാളിനും അംഗൻവാടിക്കും സമീപം നിൽക്കുന്ന തെങ്ങുകളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം.
3. വലിയമല പതിപ്പള്ളി പഞ്ചായത്ത് പുറമ്പോക്കിൽ നിൽക്കുന്ന 3 തെങ്ങ്, 1 കമുക്, 1 പ്ലാവ് എന്നിവയിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം.
4. ഇറവൂർ തോട്ട് പുറമ്പോക്കിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുള്ള അവകാശം.
5. SEDC -യുടെ ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന ലേലം.
6. കീഴ്പാലൂർ കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള ഒരുമൂട് പ്ലാവ് ആദായം എടുക്കുന്നതിനുള്ള അവകാശം.

ലേലം കൊള്ളാത്ത വസ്തുവകകളിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയെ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം.31-ന് തീയതി.21.11.16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ, ഈ വസ്തുക്കളുടെ പുനർ ലേലത്തിലും ആരും പങ്കെടുത്തിരുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ ഭരണസമിതി യുടെ തീരുമാനത്തിന് വിധേയമായി ടി ഇനങ്ങൾ പഞ്ചായത്ത് നേരിട്ട് ആദായം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ട്യൂട്ടോറിയൽ, പാരാമെഡിക്കൾ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 266(2), 270(2) എന്നിവ പ്രകാരം യഥാക്രമം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ സ്ഥാപനങ്ങളും അവയുടെ രജിസ്ട്രേഷൻ ഓരോ വർഷവും പുതുക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

1. അക്ഷര ട്യൂഷൻ സെന്റർ, ശാസ്താലെയിൻ, ആര്യനാട്.
2. കുടുംബശ്രീ മെഡിക്കൽ ലാബ്, ഗവ.ആശുപത്രിയ്ക്ക് സമീപം, ആര്യനാട്.
3. RDA ഡയഗ്നോസ്റ്റിക് സർവ്വീസസ്, ആര്യനാട്.

മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി രജിസ്ട്രേഷന് ഫീസ് ഈടാക്കേണ്ടതാണ്. ഇല്ലായെങ്കിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 267, 270(എ) എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല, 273500/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിലെ വിനിയോഗ/പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | ബിൽ നം./ തീയതി | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 81/15<br>വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 12/22.09.15 | 248000 | കേരള വാട്ടർ അതോറിറ്റി |
| 2 | 170/16<br>ചൂഴ അംഗനവാടി വൈദ്യുതീകരണം | 14/22.09.15 | 25500 | കെ.എസ്. ഇ.ബി |
| | ആകെ | | 273500 | |

വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി 273500/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പ്രീപ്രൈമറി കുട്ടികൾക്ക് പോഷകാഹാരം വാങ്ങിയ ബില്ലുകൾ ഹാജരാക്കിയില്ല. 329125/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 114/16 പ്രീ പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ

അടങ്കൽ തുക - 4,00,000/-

ചെലവ് തുക - 3,29,125/-

1) ബിൽ നം .3/15-16 തീയതി. 23.12.15 – 144015/-രൂപ

2) ബിൽ നം .9/15-16 തീയതി. 14.03.16 - 146852/-രൂപ

3) ബിൽ നം. 10/15-16 തീയതി. 28.03.16 – 38258/-രൂപ

പ്രീ പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിന് ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗവ.എൽ.പി.എസ്.ആര്യനാട്, എൻ.എസ്.എസ്.യു.പി.എസ്.കൊക്കോട്ടേല, ഗവ.എൽ. പി.എസ്. പറണ്ടോട്, ലൂഥർ ഗിരി യു.പി.എസ്.ആര്യനാട്, ഗവ.ട്രൈബൽ ഹൈസ്കൂൾ മീനാങ്കൽ എന്നിവ പ്രീ പ്രൈമറി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പാൽ, മുട്ട, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ, ബേക്കറി, കടല, പയർവർഗ്ഗങ്ങൾ തുടങ്ങിയവ വാങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33-ന് നൽകിയ മറുപടിയിൽ പറയുന്നത് ഇങ്ങനെയാണ്. "ടി പ്രോജക്ട് തുടങ്ങിയ അന്നുമുതൽ സ്കൂളുകൾ പോഷകാഹാരങ്ങൾ വാങ്ങിയതിന് വൗച്ചറുകളാണ് നൽകിപോരുന്നത്. അവ അംഗീകരിച്ച് തുക മാറികൊടുക്കാറുമുണ്ട്. ടി സ്കൂളുകളെ വിവരം അറിയിച്ച് അവരിൽ നിന്നും ബില്ലുകൾ വാങ്ങി സൂക്ഷിക്കാം".

പോഷകാഹാരം വാങ്ങിയ അസ്സൽ ബില്ലുകളുടെ അഭാവത്തിൽ 329125/-രൂപ തടസ്സപ്പെടുത്തുന്നു. ബില്ലുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 സമഗ്ര കന്നുകുട്ടി പരിപാലനം (SLBP) പദ്ധതി ലക്ഷ്യം ഉറപ്പുവരുത്തണം.

പ്രോജക്ട് നം. - 117/16
അടങ്കൽ തുക - 13,00,000/-
ചെലവ് - 3,25,000/-
ഡി.ഡി.നമ്പർ - 664745 തീയതി. 04.11.15
നിർവ്വഹണോദ്യോഗസ്ഥൻ - സീനിയർ വെറ്ററിനറി സർജൻ

2015-16 വർഷം വികസന ഫണ്ടിൽ നിന്നും 3,25,000/-രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 3,25,000/-രൂപയും ഗുണഭോക്തൃ വിഹിതമായി 6,50,000/- രൂപയും ചേർത്ത് ആകെ 13,00,000/-രൂപ അടങ്കലായി നടപ്പിലാക്കിയ സമഗ്ര കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്ത് പ്രദേശത്തെ കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. 04.07.15-ന് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ള 52 ഗുണഭോക്താക്കൾക്കുള്ള തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതമായ 3,25,000/-രൂപ 04.11.15-ലെ ഡി.ഡി.നം. 664745 പ്രകാരം പദ്ധതി നടപ്പിലാക്കുന്ന SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ SLBP വട്ടിയൂർക്കാവ് സർക്കിൾ വെറ്ററിനറി സർജന്റെ 04.12.15-ലെ കത്ത് പ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ 4 ഗുണഭോക്താക്കളെ മാത്രമെ തെരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും പദ്ധതി പൂർത്തിയാക്കാൻ ബാക്കി 48 ഗുണഭോക്താക്കൾ കൂടി ആവശ്യമായതിനാൽ പുതിയ ലിസ്റ്റ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 24-ന് എല്ലാ ഗുണഭോക്താക്കളെയും ബന്ധപ്പെട്ട് 20.12.15 നകം മുഴുവൻ പശുക്കുട്ടികളെയും ഹാജരാക്കി പരിശോധിച്ച് പദ്ധതി ആരംഭിച്ചുവെന്ന് സീനിയർ വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാ ത്തതിനാൽ പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കാനായിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതും ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 3-4 DSR പ്രകാരം ഉപയോഗിക്കേണ്ട അളവിലും കുറഞ്ഞ തോതിൽ സിമെന്റ് ഉപയോഗിച്ചു - നഷ്ടം 35377/-രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ DSR പ്രകാരം ഓരോ ഇനത്തിലും ഉപയോഗിക്കേണ്ടതിലും കുറഞ്ഞ അളവിൽ സിമെന്റ് ഉപയോഗിച്ചു. Item No.1:4:8 -ന് DSR code 4.1.8 പ്രകാരം 170 kg/m$^3$ സിമെന്റും, Item No.1:2:4 -ന് DSR code 4.1.3 പ്രകാരം 320 kg/m$^3$ സിമെന്റും ആവശ്യമാണ്.

1) വലിയകലം വെയിറ്റിംഗ് ഷെഡ് ഫുഡ്പാത്ത് കോൺക്രീറ്റിംഗ്
എം.ബുക്ക് നമ്പർ - 25/15-16
പ്രോജക്ട് നമ്പർ - 22/16
അടങ്കൽ തുക - 25000/-
കൺവീനർ - ശ്രീ.രഘുനാഥൻ
ബിൽ നം. - AE91/15-16 -29.02.16

Item No.1 - Providing and laying in position cement concrete of 1:4:8 proporation using 40 mm nominal size aggregate & coarse sand excluding the cost of centering and shuttering (DSR code 4.1.8)= 2.48 m$^3$ x 170 = 422 kg

Item No.2 - Providing and laying in position cement concrete of 1:2:4 proporation using 20 mm nominal size aggregate & coarse sand excluding the cost of centering and shuttering (DSR code 4.1.3)= 1.24 m$^3$ x 320 = 397 kg

ഈ പ്രവൃത്തിയുടെ വൗച്ചർ പ്രകാരം ഉപയോഗിച്ച സിമെന്റ് 12 പാക്കറ്റ് 12 x 50 kg = 600 kg
ആകെ ഉപയോഗിക്കേണ്ട സിമെന്റ് (422 + 397) = 819 kg
കുറവ് = 219 kg
സിമെന്റ് വില ബിൽ പ്രകാരം = 8.4/kg
നഷ്ടം = 219 kg x 8.4 = 1840/-

2) അംഗൻവാടി. ആർ.എസ്.ഹരി മന്ദിരം നടപ്പാത കോൺക്രീറ്റിംഗ്
എം.ബുക്ക് നമ്പർ - 15/15-16
പ്രോജക്ട് നമ്പർ - 169/16
അടങ്കൽ തുക - 60000/-
കൺവീനർ - ശ്രീജ.കെ.എസ്.
ബിൽ/ചെക്ക് - 1201329/15.09.15

Item No – 2 - 0.40 m$^3$ x 320 kg = 128 kg (1:2:4)

Item No – 4 - 1.73 x 220 kg = 381 kg (1:3:6)

Item No – 7 - 3.48 x 170 kg = 592 kg (1:4:8)

Item No – 8 - 1.74 x 320 kg = 557 kg(1:2:4)
1658 kg

ഈ പ്രവൃത്തിയുടെ വൗച്ചർ പ്രകാരം ഉപയോഗിച്ചത് 22 പാക്കറ്റ് സിമെന്റ് 22 x 50 kg = 1100 kg

ഉപയോഗത്തിൽ കറവ് 1658 – 1100 = 558 kg
നഷ്ടം 558 x 8.4 kg = 4687/-
=====

3) കാനകഴി പള്ളിമുക്ക് കവിയോട് ഇടറോഡ് കോൺക്രീറ്റിംഗ്
എം.ബുക്ക് നമ്പർ - 65/15-16
പ്രോജക്ട് നമ്പർ - 50/16
അടങ്കൽ തുക - 3,00,000/-
കൺവീനർ - ക്രസ്തുദാസ്
Item No – 1 - 25.54 $m^3$ x 170 = 4341.8 (1:4:8)

Item No – 2 - 12.79 $m^3$ x 320 kg = 4092.8(1:2:4)
8434.6

ഈ പ്രവൃത്തിയുടെ വൗച്ചർ പ്രകാരം ഉപയോഗിച്ച സിമെന്റ് 100 പാക്കറ്റ് 100 x 50 = 5000 kg
ആകെ ഉപയോഗിക്കേണ്ട സിമെന്റ് = 8435 kg
ഉപയോഗിച്ചതിൽ കറവ് (8435–5000) = 3435 kg
നഷ്ടം = 3435 x 8.4 = 28850/-
=====

ആകെ നഷ്ടം - 1840 + 4687 +28850 = ₹ 35377/-
=======

അളവിൽ കറവായി സിമെന്റ് ഉപയോഗിച്ചതിൽ വന്ന നഷ്ടം 35,377/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ അളവിൽ കറവ് സിമെന്റ് ഉപയോഗിച്ചതിലൂടെ പ്രവൃത്തിയുടെ ഗുണനിലവാരം കറയുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പെട്ടെന്ന് തന്നെ റോഡ് പൊട്ടിപ്പൊളിഞ്ഞേക്കാം. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ മേൽ പറഞ്ഞ വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സിമെന്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

ആര്യനാട് ഗ്രാമപഞ്ചായത്തിൽ 2015-16 കാലയളവിൽ കൺവീനർ നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ സിമെന്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ആയതിൽ ടി പ്രവൃത്തികൾക്ക് DSR അനുശാസിക്കുന്ന അളവിൽ സിമെന്റ് ഉപയോഗിച്ചോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം.ബുക്ക് നമ്പർ | കൺവീനർ | പ്രോജക്ട് നം. | അടങ്കൽ തുക | ബിൽ നം. തീയതി | തുക |
|---|---|---|---|---|---|---|
| പാലൈകോണം അംഗൻവാടി തടം കോൺക്രീറ്റ് | 402/15-16 | ബിന്ദു.ബി.വി | 32/16 | 100000 | 60/15-16 29.09.15 | 100000 |
| മൂന്നാറ്റ് മുക്ക്- പുളിനിന്നകാല ഇടറോഡ് കോൺക്രീറ്റ് | 03/15-16 | ഗിരീഷ്കുമാർ | 35/16 | 150000 | 27/15-16 17.08.15 | 150000 |
| പറങ്കിമാംമൂട് താന്നിമൂട് നടപ്പാത കോൺക്രീറ്റിംഗ് | 13/15-16 | സുശീന്ദ്രൻ | 13/16 | 30000 | 42/15-16 08.09.15 | 30000 |
| ചെറുമഞ്ചൽ- വാരിയംകോണം നടപ്പാത കോൺക്രീറ്റിംഗ് | 719/14-15 | ബാബു | 21/16 | 300000 | 17/15-16 24.07.15 | 299456 |
| നരിപ്പാറ വെട്ടതടം കോൺക്രീറ്റിംഗ് | 6/15-16 | അഷറഫ് | 31/16 | 100000 | 9/15-16 16.06.15 | 100000 |
| പുന്നവിള-പാലൈക്കോണം റോഡ് കോൺക്രീറ്റിംഗ് | 24/15-16 | ലത്തീഫ് | 262/16 | 200000 | 55/15-16 29.09.15 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| മഞ്ചാത്തിക്കടവ് നടപ്പാത കോൺക്രീറ്റിംഗ് | 12/15-16 | അബി കുമാരൻ | 12/16 | 30000 | 43/15-16 08.09.15 | 25047 |
| ആനന്ദേശ്വരം ഇടവഴി കോൺക്രീറ്റിംഗ് | 27/15-16 | പ്രകാശ് | 29/16 | 75000 | 113/15-16 23.03.16 | 75000 |
| കടുക്കകോണം നടപ്പാത കോൺക്രീറ്റിംഗ് | 23/15-16 | അനിരുദ്ധൻ | 18/16 | 140000 | 54/15-16 26.09.15 | 138460 |
| ഐറ്റി ജംഗ്ഷൻ കോൺക്രീറ്റിംഗ് | 25/15-16 | സുബാഷ് | 24/16 | 40000 | 73/15-16 05.12.15 | 39361 |
| അലിനിയോട് മിച്ചഭൂമി കീഴ്പാഴൂർ ഇടവഴി കോൺക്രീറ്റിംഗ് | 23/14-15 | ഷാജി | 20/16 | 200000 | 19/15-16 28.07.15 | 200000 |
| പൊട്ടൻചിറ ജം.വയലരികത്ത് നടപ്പാത കോൺക്രീറ്റിംഗ് | 10/15-16 | സോമൻ | 25/16 | 50000 | 2/15-16 14.05.15 | 49849 |
| ഇരിഞ്ചൽ കാറ്റാടിമൂട് നടപ്പാത കോൺക്രീറ്റിംഗ് | 4/15-16 | മേബൽ ഗീത | 46/16 | 200000 | 22/15-16 30.07.15 | 199833 |
| ഗണപതിയാം കുഴി പള്ളിവേട്ട ലെയിൻ കോൺക്രീറ്റിംഗ് | 14/15-16 | സനൽകുമാർ | 36/16 | 200000 | 31/15-16 17.08.15 | 200000 |
| കാഞ്ഞിരംമൂട് പമ്പ് ഹൗസ് റോഡ് കോൺക്രീറ്റിംഗ് | 419/15-16 | അനീഷ്.എ. | 38/16 | 150000 | 90/15-16 27.01.16 | 150000 |
| ആകെ | | | | | | 1965000 |

മേൽ പ്രതിപാദിച്ചിരിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. നഷ്ടം 6123/-രൂപ

എം.ബുക്ക് നമ്പർ - 883/15-16

പ്രോജക്ട് നമ്പർ - 144/16
കൺവീനർ - പുഷ്കരൻ നായർ
അടങ്കൽ - 250000/-
ബിൽ നം/തീയതി - 132/15-16, 30.03.16
തുക - 250000/-

തേരിയം വീട് മൈലടിക്കോണം റോഡ് പാർശ്വഭിത്തിയും സ്ലാബ് നിർമ്മാണവും എന്ന പ്രവൃത്തിക്ക് എം.ബുക്ക് നമ്പർ 883/15-16-ൽ ഒന്നാമത്തെ ഐറ്റമായി 18.90$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിയിൽ 8-ാമത്തെ ഐറ്റമായി 93.24$m^3$മണ്ണ് ഫില്ല് ചെയ്തിട്ടുണ്ടെങ്കിലും ഇതിൽ നിന്ന് കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

എം.ബുക്ക് പ്രകാരം നൽകിയ തുക Item No.8 – Earth filling with convenors own earth cut and conveyed from sources of availability to lines and levels including consolidation by ramming and watering etc complete 93.24$m^3$ x 360/$m^3$ = 33566/- അനുവദിക്കാവുന്ന തുക - 93.24$m^3$ – 17.01$m^3$ (exclude shrinkage – 10%) = 76.23$m^3$

1$m^3$ മണ്ണിന്റെ വില = 76.23 x 360 ₹ 360/- = 27442.8

അധികം നൽകിയ തുക = 33566 – 27443 = ₹ 6123/-
======

ഓഡിറ്റ് അന്വേഷണം 21 തീയതി 17.11.16 പ്രകാരം ഈ വിഷയത്തിന് നൽകിയ മറുപടിയിൽ 10.47m$^3$ Item no.8-ൽ നിന്ന് കുറവ് ചെയ്തതായി പറയുന്നു. എന്നാൽ ഇത് Item no.8 പ്രകാരം ഫില്ല് ചെയ്യാൻ ഉപയോഗിച്ച 104.65m$^3$ മണ്ണിന്റെ shrinkage ആയ (10%), 10.47 ആണ്. Item No.2 പ്രകാരം കുഴിച്ചെടുത്ത 18.90m$^3$ കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഇതിൽ ഉണ്ടായ നഷ്ടം ₹ 6123/- കൺവീനറിൽ നിന്നോ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ആര്യനാട് ഗ്രാമപഞ്ചായത്തിൽ 2015-16 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രവൃത്തികൾ ചെലവ് രേഖകൾ പ്രകാരം 121 ആണ്. ഇതിൽ 69 പ്രവൃത്തികളുടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ക്ഷേമനിധി ഓഫീസിലേയ്ക്ക് അയച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രജിസ്റ്ററിൽ പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഡി.ഡി.നമ്പരും, തുകയും രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ഇത് ഏതൊക്കെ പ്രവൃത്തികളുടെ വിഹിതമാണെന്നും മനസിലാക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. അവശേഷിക്കുന്ന 52 പ്രവൃത്തികൾക്കും തുക ഈടാക്കിയിട്ടുണ്ടെങ്കിലും ഒടുക്കുവരുത്തിയതായി കാണുന്നില്ല. 2015-16 കാലയളവിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ആ ഓഫീസിൽ ഒടുക്കിയതിന്റെ രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം നം.20 തീയതി 17.11.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച 121 പ്രവൃത്തികളിൽ നിന്നും ക്ഷേമനിധി വിഹിതമായി ഈടാക്കിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാകാതിരിക്കാൻ ഈ തുകയുടെ ഒടുക്ക് രസീതുകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-8 നിർമ്മാണം പൂർത്തിയാക്കാതെ ഉദ്ഘാടനം ചെയ്യപ്പെട്ട രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രം കാടുകയറി ഉപയോഗശൂന്യമായി കിടക്കുന്നു.

ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആര്യനാട് ഗ്രാമപഞ്ചായത്തിൽ 2013-14 വാർഷിക പദ്ധതിയിൽ 16,70,000/-രൂപ രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രം നിർമ്മിക്കുന്നതിലേയ്ക്ക് വകയിരുത്തി. (പ്രോജക്റ്റ് നമ്പർ SO247/14) 19.04.2013-ൽ തറക്കല്ലിട്ട പ്രസ്തുത പ്രവൃത്തി 01.11.2013-ൽ നിർമ്മാണം ആരംഭിച്ച് 13.07.2014-ൽ അവസാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 25.09.2015-ൽ പ്രസ്തുത കെട്ടിടം ഉദ്ഘാടനം ചെയ്തതായി ഒരു മാർബിൾ ഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ കെട്ടിടത്തിൽ വയറിംഗ്, പ്ലംബിംഗ് പ്രവൃത്തികൾ ഇതുവരെയും നിർവ്വഹിച്ചിട്ടില്ല. ഇതിന്റെ ഫ്ലോർ പൊട്ടിപ്പോളിഞ്ഞ് ഇവിടേക്കുള്ള വഴിയും പരിസരവും കാടുകയറി ഉപയോഗശൂന്യമായിട്ട് കാണുന്നു. ഈ കെട്ടിടത്തിന്റെ മേൽക്കൂര പ്ലാസ്റ്റർ ചെയ്തിട്ടില്ലെന്നു മാത്രമല്ല ഇതിൽ നിന്ന് പുറത്തേയ്ക്ക് നീണ്ടുനിൽക്കുന്ന കമ്പികൾ തുരുമ്പിച്ച് കെട്ടിടത്തിന്റെ ഉൾവശത്തേക്ക് ജലചോർച്ചയുള്ളതായും കാണുന്നു. 2014-15 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ പ്രസ്തുത വിഷയം പരാമർശിക്കുകയും, നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ ബിൽ ഹാജരാക്കാത്തതിനാൽ 29107/-രൂപ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആവർത്തിച്ചുള്ള പരാമർശങ്ങൾ ഉണ്ടായിട്ടും ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി പഞ്ചാത്ത് പുതിയ പദ്ധതികൾ ഒന്നും തന്നെ നാളിതുവരെ രൂപീകരിച്ചിട്ടില്ല. പഞ്ചായത്ത് കെട്ടിടം പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ തന്നെ 16,70,000/-രൂപ ചെലവിട്ട് നിർമ്മിച്ച കെട്ടിടം ഇത്തരത്തിൽ നശിച്ചുപോകുന്നത് പഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുള്ള വീഴ്ചയായിട്ട് ഓഡിറ്റ് വിലയിരുത്തുന്നു. സമൂഹ നന്മയെ മുൻനിർത്തി ആരംഭിച്ച പ്രവൃത്തി പകുതി വഴിയിൽ ഉപേക്ഷിച്ച് ചെലവഴിച്ച തുക നഷ്ടപ്പെടുത്താതെ എത്രയും പെട്ടെന്ന് ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 പുറുത്തിപ്പാറ ലൈബ്രറി പുനരുദ്ധാരണം - അപാകതകൾ നഷ്ടം 1926/-രൂപ

പ്രോജക്റ്റ് നം. - 189/16

അടങ്കൽ - 100000/- മെയിന്റനൻസ് നോൺ റോഡ്

ചെലവ് - 97073/-

കൺവീനർ - ഷിജുകുമാർ.എസ്.

എം.ബുക്ക് നം. - 22/15-16

ബിൽ നം. - 76/15-16 തീയതി. 20.01.16 ₹ 97073/-

ഡി.ഡി.നം. - 666629 തീയതി. 21.01.16 ₹ 90662/-

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

*1) പ്ലാസ്റ്ററിംഗിന് ഉയർന്ന നിരക്ക് നൽകി.*

R.C.C. വർക്കുകളുടെ സീലിംഗിൽ ബ്രിക്ക് വർക്കിന് മേൽ ഉപയോഗിക്കുന്ന 1:4, 12mm കനത്തിലുള്ള പ്ലാസ്റ്ററിംഗാണ് അനുവദിച്ചിരിക്കുന്നത്. തന്മൂലം 1926/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

*പ്രവൃത്തിയുടെ വിവരം*

Ceiling Room - 8.19 m$^2$

Ceiling Hall (1) - 13.73 m$^2$

Ceiling Hall (2) - 13.56 m$^2$

Sunshade bottom (Front) - 3.30 m$^2$

Sunshade bottom (back) - 1.59 m$^2$

ആകെ - 40.37 $m^2$

നൽകിയ നിരക്ക് 40.37 $m^2$ @ 215.05/$m^2$ = ₹ 8681.56

നൽകാവുന്ന നിരക്ക് 40.37$m^2$ @16.34/$m^2$ = ₹ 6755.51

അധികം നൽകിയത് = ₹ 1926

*2) വരവ് രേഖകൾ ഹാജരാക്കിയില്ല*

മേൽ പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ, വാഹന വാടക വൗച്ചറുകൾ, കൺവീനർ സാക്ഷ്യപ്പെടുത്തിയ ആകെ ചെലവിന്റെ സംക്ഷിപ്ത വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ അനുവദനീയമായ അളവിലുള്ള മെറ്റീരിയൽസ് ഉപഗിച്ചിരുന്നോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം നം.22 തീയതി. 18.11.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ തുക തിരികെ ഒടുക്കുവരുത്താമെന്ന മറുപടി ലഭ്യമാക്കി. ആകയാൽ നഷ്ടത്തുക ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-10 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - നിരാകരണം 2947/-രൂപ

പദ്ധതിയുടെ പേര് - വാറുകാട് അംഗനവാടി പൂർത്തീകരണം

പദ്ധതി നമ്പർ - 137/2016

അടങ്കൽ - 100000/-

ചെലവ് - 99113/-

എം.ബുക്ക് നം. - 409/15-16

ബിൽ നം. - 62/15-16 - 11.12.15 ₹ 99113/-

ഡി.ഡി.നം. - 665636 തീയതി. 16.12.15 ₹ 92568/-

കൺവീനർ - സവിത്.കെ, ഇറവൂർ

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ സ്ഥലപരിശോധന ബന്ധപ്പെട്ട ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയപ്പോൾ ഇനം.നമ്പർ 3 providing MS Grill of required pattern in frames, of windows etc MS flats, square or round bars etc. Including prining coat with approved steel primer all complete. (DSR. 9-48-2) എന്ന പ്രവൃത്തിയിൽ 40 mm GI പൈപ്പിന്റെ 5.7m പ്രവൃത്തി നിർവ്വഹിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

GI പൈപ്പ് (40 mm) 2 x 1.25 = 2.5 മി.2 x 1.1 = 2.2 മി.2 x 0.5 = 1.0 മി.

ആകെ = 5.7 മി.

Weight 3.56 kg/m

5.7 x 3.56 = 20.29 kg

നൽകിയ തുക – 20.29 kg @ 145.23/kg

= 2947/-

ടി വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29 തീയതി. 21.11.2016) ലഭ്യമായ മറുപടി തൃപ്തികരമല്ല. ആയതിനാൽ നഷ്ട തുകയായ 2947/-രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-11 കൊക്കോട്ടേല – കണിയംവിളാകം റോഡ് റീ-ടാറിംഗ് അപാകതകൾ നഷ്ടം - 4168/-രൂപ

പ്രോജക്ട് നമ്പർ - 66/16

എം.ബുക്ക് നമ്പർ - 425/15-16

അടങ്കൽ തുക - 10,00,000/-

കൺവീനർ - ശശീന്ദ്രകുമാർ

ബിൽ നം./തീയതി - 98/15-16, 27.02.16

തുക - 9,99,439/-

*അപാകതകൾ*

1) അനുവദനീയമായതിലും കുറഞ്ഞ അളവിൽ ടാർ ഉപയോഗിച്ചു. നഷ്ടം - 4168/-

| | | |
|---|---|---|
| Item No.6 aspr M.Book | : | Providing and applying tack coat using hot straight bitumen of grade VG-10 including heating the bitumen, spraying the bitumen with mechanically operated spraying unit fitted on bitumen boiler ....on W.B.M @ 0.75kg/sqm (16.30.1) |

| | | |
|---|---|---|
| | | |
| ടാർ ഉപയോഗിച്ചത് നിർവ്വഹിച്ച പ്രവൃത്തി | : | 465 $m^2$ x 66.77/$m^2$ = 31048.05 |
| ആവശ്യമായ ടാർ | : | 465 $m^2$ x .75kg/$m^2$ = 348.75 kg |
| Item No.7 | : | 2 cm premix carpet surfacing with 1.8 cum and 0.90 cum of stone chippings of 13.2 mm size and 11.2 mm size respectively per 100 sqm and 52 kg of hot bitumen per cum of stone chipping of 13.2 mm and 11.2 mm size respectively... (16.32.1) |
| ടാർ ഉപയോഗിച്ചത് | : | 465$m^2$ x 215.23/$m^2$ = 100081.95 |
| ആവശ്യമായ ടാർ | : | 465$m^2$ x 1.44$m^2$ = 669 kg |
| Item No.8 | : | Providing and laying seal coat over prepared surface of road with bitumen heated in bitumen boiler filled with spray set spraying using 98 kg of bitumen of grade V6-10 and blinding surface with 0.90 cum of stone......(16.41) |
| ടാർ ഉപയോഗിച്ച പ്രവൃത്തി | : | 465$m^2$ x 124.67/$m^2$ = 57971.55 |
| ആവശ്യമായ ടാർ | : | 465$m^2$ x 098 kg/$m^2$ = 456 kg |
| ഈ പ്രവൃത്തിക്ക് ആകെ ആവശ്യമായ ടാർ Item No.6 - 348.75 Item No.7 - 669<br>Item No.8 - 465 1482.75 kg | | |
| ഈ പ്രവൃത്തിക്ക് ബിൽ നം.13999/17.02.16 പ്രകാരം 1294.4 kg<br>(8 barrel x 161.8 kg) വാങ്ങിയിട്ടുണ്ട്. | | |
| കുറവ് | : | 1482.75 – 1294.4 |
| | = | 188.35 kg |
| ടാർ വില | - | 28.127/kg (KSIDC bill No.13999/17.02.16) |
| | = | 188.35 x 22.127 |
| നഷ്ടം | = | 4168/- |

2) ഈ പ്രവൃത്തിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയിട്ടില്ല.

3) സിമെന്റ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ അനുവദനീയ മായ അളവിൽ സിമെന്റ് ഉപയോഗിച്ചോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

4) ഗുണഭോക്തൃ കമ്മിറ്റി കൺവീനറുമായി കരാർ ഒപ്പിട്ടിട്ടില്ല

കുറഞ്ഞ അളവിൽ ടാർ ഉപയോഗിച്ചതിലൂടെ ഉണ്ടായ നഷ്ടം 4168/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നോ ഈടാക്കേണ്ടതാണ്. തുടർന്ന് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-12 നിർവ്വഹിക്കാത്ത പദ്ധതികൾക്ക് തുക നൽകി - നഷ്ടം 35598/-

2015-16 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ചില ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

പ്രോജക്ട് നമ്പർ - 254/16

എം.ബുക്ക് നമ്പർ - 743/15-16
അടങ്കൽ തുക - 15,00,000/-
ഫണ്ട് - വേൾഡ് ബാങ്ക്
ബിൽ നമ്പർ - 114/15-16
തീയതി - 26.03.16
തുക - 1348138/-
കോൺട്രാക്ടർ - ശ്രീ.രവി.സി.
a) എം.ബുക്ക് ഐറ്റം നമ്പർ 16 (പേജ് നമ്പർ 63)
Toilet door 25mm round 6.5 $m^2$ (3 എണ്ണം) ചെയ്തതായി രേഖപ്പെടുത്തി യിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ 2 എണ്ണം മാത്രമേ ചെയ്തിട്ടുള്ളൂ.
ഈ ഇനത്തിലെ നഷ്ടം - 9m x 2.41 kg = 2.169 kg
വില = 167.01/kg
= 2.169 x 167.01
= 362/-
====
b) top reach 32 mm SHS - 39.60 kg
„ = 35.64 kg
„ = 76.03 kg
20 mm SHS = 59.71 kg
ആകെ = 210.98 kg
വില = 167.01/kg
നഷ്ടം = 210.98 x 167.01
= 35236/-
=====
ആകെ നഷ്ടം = 35236 + 362
= 35598/-
=====

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 29-ന് നൽകിയ മറുപടി തൃപ്തികരമല്ല. ഈയിനത്തിലുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നോ/നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തി | 2015-16 | 50000 | കോട്ടയ്ക്കകം അംഗൻവാടി R.S.ഹരിമന്ദിരം നടപ്പാത | 50000 | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം. | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | KSEB | ചൂഴ അംഗൻവാടി വൈദ്യുതീകരണം | 405324/ 01.10.15 | 25500 | പൂർത്തീക രിച്ചില്ല | ഇല്ല |
| 2 | KSEB | പൈപ്പ് ലൈൻ നീട്ടൽ | 405328/ 01.05.15 | 24800 | „ | „ |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരി |
|---|---|---|---|---|---|

| | | | ബാക്കി യുണ്ടായിരുന്ന തുക | | | ച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി വായ്പ | ഉ (സാധാ)നം. 207/ 2010/ തസ്വഭവ തീ.20.01.10 | 19468500 | 9734250 | 1946850 | - | 7787400 |
| ,, | ,, | - | - | 454000 | - | 7333400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46845887 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64979248 |
| വരവിനങ്ങളിലുള്ള നഷ്ടം | 7850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86139 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 602625 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 7600 1250 | - | ഷാജി ബോൺസ്‌ലെ, സെക്രട്ടറി |
| | 6350 | - | ഹിൽക്ക് രാജ്, സെക്രട്ടറി |
| 2-5 | 250 | | ഹിൽക്ക് രാജ്, സെക്രട്ടറി |
| 3-4 | | 35377 | ബിനോജ്.ജെ,അസിസ്റ്റന്റ് എഞ്ചിനീയർ, ബിനുനിലയം, പുന്നമൂട്,പള്ളിച്ചൽ.പി.ഒ, തിരുവനന്തപുരം. |
| 3-6 | | 6123 | |
| 3-9 | | 1926 | |
| 3-10 | | 2947 | |
| 3-11 | | 4168 | |
| 3-12 | | 35598 | |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 273500 | ഹിൽക്ക് രാജ്, സെക്രട്ടറി |
| 3.2 | 329125 | സുജ, ഹെഡ്മിസ്ട്രസ് |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഷാജി ബോൺസ്‌ലെ, സെക്രട്ടറി | - | ഉള്ളൂർകോണം, കിഴക്കുംകരവീട്, കളത്തൂർ, ഉച്ചക്കട.പി.ഒ. |
| 2 | ഹിൽക്ക് രാജ്, സെക്രട്ടറി | - | ശ്രീ.കൃഷ്ണ റസിഡൻഷ്യൽ അസോസിയേഷൻ 109/TC16/899/03- അനുഗ്രഹ, ജഗതി.പി.ഒ. |
| 3 | ബിനോജ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | - | ബിനുനിലയം, പൂന്നമൂട്, പള്ളിച്ചൽ.പി.ഒ, തിരുവനന്തപുരം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1994-95, 1995-96 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)621/96 17.7.2014 | 1 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി) 1720/2000 17.7.2014 | 2 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)/ 1004/2000 17.7.2014 | 1 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി 6.(സി)322/2002 17.7.2014 | 5 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(സി)/257/2003 17.7.2014 | 2 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1343/2003 17.7.2014 | 4 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1907/2005 17.7.2014 | 6 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി. 5/385/2015 3.11.2015 | 9 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1192/2008 17.7.2014 | 4 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി 5/385/2015 20.10.2015 | 11 | |

| | | | |
|---|---|---|---|
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/342/2010 17.7.2014 | 6 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1942/2011 8.10.2014 | 5 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1943/2011 8.10.2013 | 7 | |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2290/2014 20.10.2015 | 16 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/875/2014 4.7.2014 | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1333/2014 28.10.2014 | 9 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/61/2016 തീ.16.01.2016 | 9 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി/5/1359/2016 തീ.01.08.16 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകങ്ങളും ഒഴികെ, ആര്യനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## അപാകങ്ങൾ

1. വിനോദ നികുതിയിനത്തിൽ 2000/-രൂപയുടെ വരവ് കാണിച്ചിരിക്കുന്നു. എന്നാൽ തൻവർഷം ഈ ഇനത്തിൽ പഞ്ചായത്തിന് വരവ് ഇല്ലാത്തതാകുന്നു.
2. ആസ്തികളുടെ മൂല്യ നിർണയം നടത്തിയിട്ടില്ല.
3. MNREGS -ൽ ESFM വഴി വരവുള്ള തുകയിൽ AFS-ഉം പഞ്ചായത്ത് നൽകിയ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ 8000/-രൂപയുടെ വ്യത്യാസം കാണുന്നു.
4. തൊഴിൽ നികുതി, വസ്തു നികുതി, ഡി & ഒ ലൈസൻസ്, വാടക എന്നീ തനതുവരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.